# ജമാഅത്തെ ഇസ്‌ലാമി ഒരു ലഘുപരിചയം

**അബൂഅയ്മൻ**

ജമാഅത്തെ ഇസ്‌ലാമി അതിന്റെ പേര് സൂചിപ്പിക്കുന്ന പോലെ ഒരിസ്‌ലാമിക ആദർശപ്രസ്ഥാനമാണ്. അതിനാൽ പ്രവാചകന്മാരുടെ പാത പിന്തുടരാൻ പ്രതിജ്ഞാബദ്ധമാണത്. ചരിത്രത്തിന്റെ ഇരുളടഞ്ഞ നാഴികകളിൽ ദിവ്യവെളിപാടുകളുടെ പ്രഭ പ്രസരിപ്പിച്ച പ്രവാചകന്മാരൊക്കെയും പ്രബോധനം ചെയ്ത മൗലികാദർശം ഒന്നു തന്നെയാണ്. 'ലാഇലാഹ ഇല്ലല്ലാഹു' എന്ന വിശുദ്ധ വാക്യം. ഓരോ ദൈവദൂതനും തന്റെ കാലത്തെ തിന്മ നിഷ്കാസനം ചെയ്ത് നന്മ സ്ഥാപിക്കാനാണ് നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നത്. ഉപര്യുക്ത ആദർശത്തിന്റെ താത്വികമോ പ്രായോഗികമോ ആയ നിരാസമാണ് ഇസ്‌ലാമിന്റെ ഭാഷയിൽ മുഖ്യ തിന്മ. അഥവാ, സത്തയിലും ഗുണങ്ങളിലും അധികാരാവകാശങ്ങളിലുമുള്ള അല്ലാഹുവിന്റെ ഏകത്വത്തെയും, അതിന്റെ ആദർശപരവും കർമപരവുമായ താൽപര്യങ്ങളെയും നിരാകരിക്കുന്ന തത്വങ്ങളും സിദ്ധാന്തങ്ങളും വിശ്വാസങ്ങളും നടപടിക്രമങ്ങളുമാണത്. അതിനാൽ ആരാധന, ആചാരം, വൈയക്തിക കാര്യങ്ങൾ, കുടുംബ പ്രശ്നങ്ങൾ, സാമൂഹ്യ ഇടപാടുകൾ, സാമ്പത്തിക കാര്യങ്ങൾ, സാംസ്കാരിക മര്യാദകൾ, രാഷ്ട്രീയ മേഖലകൾ തുടങ്ങി മാനവ ജീവിതത്തിന്റെ മുഴുവൻ മണ്ഡലങ്ങളിലും നിയമ നിർമാണത്തിന്റെ പരമാധികാരം അല്ലാഹുവിന് മാത്രമാണെന്ന് ഊന്നിപ്പറയുകയും പഠിപ്പിക്കുകയും ചെയ്ത് പ്രവാചകന്മാരെല്ലാം അതിന്റെ താൽപര്യത്തിന് വിരുദ്ധമായ വിശ്വാസങ്ങളും പ്രവർത്തനങ്ങളും നിലനിന്നിരുന്ന രംഗങ്ങളിലാണ് തങ്ങളുടെ പ്രബോധനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിരിക്കുന്നത്. മറ്റൊരു ഭാഷയിൽ, സമൂഹ ശരീരത്തിന്റെ രോഗബാധിതമായ വശങ്ങളെയാണവർ ചികിത്സിച്ചിരുന്നത്. രോഗം തൗഹീദിൽനിന്നുള്ള വ്യതിയാനമത്രെ.

'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന വിശുദ്ധവാക്യത്തെ ഖുർആൻ ഉപമിച്ചത് ഒരുത്തമ വൃക്ഷത്തോടാണ്. ഏതൊരു വിത്തിൽ നിന്നാണോ വൃക്ഷമുണ്ടായത് അതിന്റെ പ്രത്യേകതകൾ വേരിലും തടിമരത്തിലും ശിഖരങ്ങളിലും ഇലയിലും പൂവിലും കായിലുമെല്ലാം പ്രകടമായിരിക്കും. അപ്രകാരംതന്നെ ഇസ്‌ലാമികാദർശത്തിൽനിന്ന് രൂപപ്പെട്ട ജീവിതത്തിന്റെ എല്ലാ വശങ്ങളിലും അതിന്റെ മുഴുവൻ സവിശേഷതകളും നിലനിൽക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പ്രബോധനപ്രവർത്തനങ്ങളാണ് എല്ലാ പ്രവാചകന്മാരും നടത്തിക്കൊണ്ടിരുന്നത്.

ഈ പ്രവാചകമാതൃക പിൻപറ്റി സമൂഹ ജീവിതത്തിൽ പ്രകടമായ മുഖ്യ തിന്മകൾ നിഷ്കാസനം ചെയ്ത് ഇസ്‌ലാമിക വിശ്വാസവും വ്യവസ്ഥയും സ്ഥാപിക്കാൻ പ്രവർത്തിക്കലാണല്ലോ പരിഷ്കർത്താക്കളുടെയും പ്രസ്ഥാനങ്ങളുടെയും ബാധ്യത. അതിനാൽ എല്ലാ കാലത്തും പ്രദേശത്തുമുള്ള നവോത്ഥാന ശ്രമങ്ങളുടെ ഊന്നൽ ഒരേ മേഖലയിലായിരുന്നില്ല. ആകാവതുമല്ല. രോഗഗ്രസ്തമായ വശത്തെയാണല്ലോ ചികിത്സിക്കേണ്ടത്.

**ആധുനിക പശ്ചാത്തലം**

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഇസ്‌ലാമിക ലോകം അതിന്റെ ചരിത്രത്തിലെ ഏറ്റവും പ്രയാസകരമായ പരിതസ്ഥിതികളെയും പ്രതിസന്ധികളെയും അഭിമുഖീകരിച്ചു. പതിമൂന്നര നൂറ്റാണ്ടു കാലം നാമമാത്രമായെങ്കിലും നിലനിന്നുപോന്ന ഇസ്‌ലാമിക ഖിലാഫത്ത് വ്യവസ്ഥ തകർന്നു. മുസ്തഫാ കമാൽപാഷ ഉസ്മാനിയാ ഖിലാഫത്ത് അവസാനിപ്പിക്കുകയും ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്യുന്നതായി ലോകത്തെ അറിയിച്ചു. അത്യധികം ദാരുണമായ ആ സംഭവം അധികമാരെയും അസ്വസ്ഥരോ ആശങ്കാകുലരോ ആക്കിയില്ല. പ്രവാചക കാലം തൊട്ട് അവിടെ നിലനിന്നുപോന്ന ഒരു ഭരണവ്യവസ്ഥ നിഷ്കാസനം ചെയ്യപ്പെട്ടിട്ടും അത് മുസ്‌ലിം ലോകത്ത് പറയത്തക്ക ആഘാത പ്രത്യാഘാതങ്ങളൊന്നുമുണ്ടാക്കിയില്ല. കാരണം, ആസന്നമരണനായ ഒരു രോഗിയുടെ ചരമപ്രഖ്യാപനം പോലെ പ്രതീക്ഷിതമായിരുന്നു അത്. ഒരു തുള്ളി രക്തം പോലും ഒഴുക്കാതെ ഒരു പ്രഖ്യാപനത്തിലൂടെ പുറംതള്ളാൻ മാത്രം പൂതലിച്ചതും ദുർബലവുമായിക്കഴിഞ്ഞിരുന്നു ഉസ്മാനിയാ ഖിലാഫത്ത്. അതിനാലാണ് ഇസ്‌ലാമിക ഖിലാഫത്തിന്റെ മനോവികാരങ്ങൾ കെട്ടുപിണഞ്ഞു കിടക്കുന്ന ഖിലാഫത്ത് വ്യവസ്ഥയെ കമാൽപാഷക്ക് നിഷ്പ്രയാസം നിഷ്കാസനം ചെയ്യാൻ സാധിച്ചത്.

ഖിലാഫത്തിന്റെ അന്ത്യം സംഭവിക്കുന്നതിനു നിരവധി ദശകങ്ങൾക്കു മുമ്പു തന്നെ മുസ്‌ലിംലോകത്തെ കൂട്ടിയിണക്കുന്ന കണ്ണിയെന്ന സ്ഥാനം അതിനു നഷ്ടപ്പെട്ടിരിക്കുന്നു. മുസ്‌ലിം ഭൂപ്രദേശങ്ങൾ ഛിന്നഭിന്നമാവുകയും അവയിൽ പലതും പാശ്ചാത്യരുടെ പിടിയിലമരുകയും ചെയ്തിരുന്നു. ഖിലാഫത്തിന്റെ പതനത്തോടെ ഈ പ്രക്രിയ പൂർമണമായി. അങ്ങനെ സൈപ്രസ്, സുഡാൻ, ഈജിപ്ത്, ഉഗാണ്ട, ഖത്തർ, ഒമാൻ, കുവൈത്ത്, ഗാമ്പിയ, നൈജീരിയ, യമൻ, ബഹ്റൈൻ, അൾജീരിയ, ഐവറികോസ്റ്റ്, ഗിനി, ജിബൂട്ടി, ടുണീഷ്യ, നൈജർ, മാലി, മൊറോക്കോ, മൗറിത്താനിയ, ലബനാൻ, ലിബിയ, സിറിയ, ഫലസ്തീൻ, അൽബേനിയ, ഇന്തോനേഷ്യ, സോമാലിയ പോലുള്ള നാടുകൾ ബ്രിട്ടൻ, ഫ്രൻസ്, ഇറ്റലി, ജർമ്മനി, ഡച്ച് എന്നീ സാമ്രാജ്യ ശക്തികളുടെ, കോളനികളോ സംരക്ഷിത പ്രദേശങ്ങളോ ആയിത്തീർന്നു. പാക്കിസ്ഥാനും ബംഗ്ലാദേശുമുൾപെടുന്ന ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ അവസ്ഥയും ഭിന്നമായിരുന്നില്ല.

മുസ്‌ലിം നാടുകളിൽ ഇരച്ചുകയറി ആധിപത്യമുറപ്പിച്ച പാശ്ചാത്യ സാമ്രാജ്യ ശക്തികൾ ചരിത്രപരവും മറ്റുമായ കാരണങ്ങളാൽ മതവിരുദ്ധമോ മതമുക്മോ ആയിരുന്നു. നന്നെച്ചുരുങ്ങിയത് സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ഭരണരംഗങ്ങളിൽ മതാധിപത്യം പുലരുന്നത് അവർക്ക് അചിന്ത്യമായിരുന്നു. 'സീസർക്കുള്ളത് സീസർക്ക്, ദൈവത്തിനുള്ളത് ദൈവത്തിന്' എന്ന മതേതര വീക്ഷണം അവർക്കിടയിൽ സർവ്വാംഗീകാരം നേടിയിരുന്നു. അവർ തീർത്തും മുസ്‌ലിം വിരുദ്ധരുമായിരുന്നു. തങ്ങളുടെ ആദർശവും വിശ്വാസവും ചിന്തയും സംസ്കാരവും സ്വഭാവവും ചര്യയും മുസ്‌ലിം നാടുകളിൽ വ്യാപകമായി പ്രചരിപ്പിക്കുവാൻ തുടങ്ങി. നഴ്സറി സകൂളുകൾതൊട്ട് കലാശാലാകൾ വരെയുള്ള വിദ്യാസ്ഥാപനങ്ങളും പത്രമാസികകൾ, പുസ്തകങ്ങൾ, കലാസാഹിത്യങ്ങൾ പോലുള്ള അനൗപചാരിക വിദ്യാഭ്യാസ വേദികളും അവർ അതിനായുപയോഗപ്പെടുത്തി. മതവും രാഷ്ട്രവും തമ്മിൽ ബന്ധമില്ലെന്നും മതം രാഷ്ട്രീയത്തിലിടപെടരുതെന്നുമുള്ള പ്രചാരണങ്ങൾക്ക് തങ്ങളുടെ അധികാരം ശാശ്വതീകരിക്കുകയെന്ന രാഷ്ട്രീയ ലക്ഷ്യം കൂടിയുണ്ടായിരുന്നു. അതിനാലവർ ഈ രംഗത്ത് മുസ്‌ലിംകളെ ഇസ്‌ലാമിൽ നിന്നകറ്റാൻ തീവ്രശ്രമം നടത്തി. അതിലവർ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു. തൽഫലമായി

സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെല്ലാം നിയമനിർമാണത്തിന്റെ പരമാധികാരം ദൈവത്തിനല്ല; ജനങ്ങൾക്കാണെന്ന പാശ്ചാത്യൻ സങ്കൽപത്തിന് മുസ്‌ലിംകൾക്കിടയിലും വ്യാപകമായ പ്രചാരവും സ്വാധീനവും ലഭിച്ചു. മുസ്‌ലിം പണ്ഡിതന്മാരും നേതാക്കളും അതിന്റെ വക്താക്കളായും രംഗത്തുവന്നു.

പൗരസ്ത്യ നാടുകളിൽനിന്ന് പാശ്ചാത്യൻ വിടപറഞ്ഞ ശേഷവും ഈ വിഭാഗം തങ്ങളുടെ വികലവാദങ്ങൾ തുടരുകയും മതത്തിന്റെ അംഗഭംഗം വന്ന് വികൃതമാക്കപ്പെട്ട അവസ്ഥയിൽ പൂർണ സംതൃപ്തി അടയുകയും ചെയ്തു. സാമ്രാജ്യശക്തികളുടെ തിരോധാനശേഷം അവരുടെ ലക്ഷ്യം തങ്ങളുടെ പുതിയ യജമാനന്മരുടെ പ്രീതി നേടലായിരുന്നു. പൗരസ്ത്യ പ്രദേശങ്ങളിൽ രൂപംകൊണ്ട പാശ്ചാത്യൻ സിദ്ധാന്തങ്ങൾ മുറുകെപ്പിടിക്കുന്ന മതേതര ഭൗതിക ഭരണകൂടങ്ങളായിരുന്നു അവ.

സാമ്രാജ്യധിനിവേശവും അതിന്റെ ധൈഷണിക പ്രത്യാഘാതങ്ങളും മുസ്‌ലിം ലോകത്തെ പിടിച്ചുലക്കുന്നതുവരെ ജീവിതത്തിന്റെ നിഖില മേഖലകളിലും നിയമനിർമാണത്തിന്റെ പരമാധികാരം പ്രപഞ്ചനാഥനാണെന്ന പരമസത്യം മുസ്‌ലിംകളെല്ലാം തത്വത്തിൽ അംഗീകരിച്ചിരുന്നു. പ്രായോഗിക ജീവിതത്തിൽ പാലിക്കാത്തവർപോലും, ഇസ്‌ലാമിക നിയമവ്യവസ്ഥ (ശരീഅത്ത്) ഭരണരംഗത്ത് നടപ്പാക്കാതിരുന്ന മുസ്‌ലിം ചക്രവർത്തിമാർ കൂടി രാജ്യത്തിന്റെ നിയമനിർമാണത്തിന്റെ പരമാധികാരം (ഹാകിമിയ്യത്ത്) അല്ലാഹുവിനാണെന്നും നിയമനിർമാണത്തിന്റെ മൗലിക സ്രോതസ്സ് ഖുർആനും സുന്നത്തുമാണെന്നും സമ്മതിക്കുന്നവരായിരുന്നു. ദൈവികപരമാധികാരത്തെ നാമമാത്ര മുസ്‌ലിം ഭരണാധികാരികൾ പോലും താത്വികമായി നിഷേധിച്ചിരുന്നില്ലെന്നർഥം.

എന്നാൽ പുതിയ പശ്ചാത്തലത്തിൽ മുസ്‌ലിം നാടുകളിലും മറ്റു പൗരസ്ത്യ പ്രദേശങ്ങളിലും ഉയർന്നുവന്ന മതേതര ഭരണകൂടങ്ങളുടെയും രാഷ്ട്രീയ നേതാക്കളുടെയും സമീപനത്തിൽ മാറ്റം സംഭവിച്ചു. നിയമനിർമാണാധികാരം ജനങ്ങൾക്കാകണമെന്ന് അവർ ശക്തമായി വാദിക്കാൻ തുടങ്ങി. ആദ്യമൊക്കെ ഇതിന്റെ മുമ്പിൽ പകച്ചുനിന്ന മതപണ്ഡിതന്മാർ ക്രമേണ അവരുടെ പ്രചാരണങ്ങൾ ഏറ്റുപറയാനും അവർക്കുവേണ്ടി ഫത്‌വകളിറക്കാനും തുടങ്ങി.

ഈ പരിതസ്ഥിതികളിലാണ് ജമാഅത്തെ ഇസ്‌ലാമി ഉൾപെടെയുള്ള ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ രൂപംകൊണ്ടത്. ആധുനിക ജീവിതത്തെ വിശകലനം ചെയ്യുന്ന ഏവർക്കും ബോധ്യമാകും: കാലഘട്ടത്തിന്റെ ഏറ്റവം വലിയ ശാപം ഭാഗികമോ പൂർണമോ ആയ ദൈവ നിഷേധമാണെന്ന്. വിശ്വാസികളെന്നവകാശപ്പെടുന്നവർപോലും ജീവിതത്തിന്റെ മിക്ക മേഖലകളിലും അല്ലാഹുവിന്റെ സന്മാർഗ നിർദേശങ്ങൾ സ്വീകരിക്കാൻ സന്നദ്ധരല്ല. പരമാധികാരം ജനങ്ങൾക്കാണെന്ന പ്രചണ്ഡമായ പ്രചാരണവും അതിലധിഷ്ഠിതമായ ഭൗതിക പ്രത്യേയശാസ്ത്രങ്ങളും പ്രസ്ഥാനങ്ങളും ഈ നൂറ്റാണ്ടിൽ തൗഹീദിനെതിരെ ഉയർത്തിയ അതിശക്തമായ വെല്ലുവിളിയെത്രെ. മുമ്പൊന്നും ഇവ്വിധമൊരു വെല്ലുവിളി ഇത്ര ശക്തമായി ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ നമ്മുടെ നൂറ്റാണ്ടിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അല്ലാഹുവിന്റെ പരമാധികാരവും ഇസ്‌ലാമിന്റെ സമ്പൂർണതയും ഊന്നിപ്പറഞ്ഞുകൊണ്ടാണ് രംഗത്തുവന്നത്.

പ്രവാചക കാലംതൊട്ട് തുടർന്നു പോന്ന ഇസ്‌ലാമിന്റെ സംഘടനാ വ്യവസ്ഥ താറുമാറായ ആധുനിക കാലഘട്ടത്തിൽ അതിന്റെ പുനസ്ഥാപനം മുസ്‌ലിംകളുടെ സർവപ്രധാനമായ ബാധ്യതയായി ത്തീർന്നു. മുമ്പു കാലത്ത് സമുദായത്തിന്റെ ഉത്തരവാദിത്തം സാമൂഹ്യഘടനയും വ്യവസ്ഥയുംകൊണ്ടു നടത്തലായിരുന്നു. എന്നാൽ 'അൽജമാഅത്തും' ഏകനേതൃത്വവും ഇല്ലാതായതോടെ സംഘടനാ വ്യവസ്ഥയുടെ പ്രായോഗിക പുനഃസ്ഥാപനം മുഖ്യചുമതലയായിത്തീർന്നു.

മുഴുവൻ പ്രവാചകന്മാരും നിർവഹിച്ചതും മുസ്‌ലിംകൾ നിർവഹിക്കാൻ ബാധ്യസ്ഥമായതുമായ ദീനിന്റെ സംസ്ഥാപനം (ഇഖാമതുദ്ദീൻ) വ്യക്തികൾക്ക് ഒറ്റക്ക് നിർവഹിക്കുക സാധ്യമല്ല. ഇഖാമത്തുദ്ദീനിന് സംഘടിതശക്തി അനിവാര്യമാണെന്നറിയാത്ത ആരുമുണ്ടാവില്ല. ജമാഅത്തെ ഇസ്‌ലാമി ഉൾപെടെയുള്ള ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഈ ബാധ്യതാനിർവഹണത്തിനായി രൂപീകരിക്കപ്പെട്ടവയത്രെ.

**ജമാഅത്തിന്റെ രൂപീകരണം**

1941 ആഗസ്ത് 26-ന് ലാഹോറിലെ ഇസ്‌ലാമിയാ പാർക്കിൽ മൗലാനാ സഫർ ഇഖ്ബാൽ സാഹിബിന്റെ വസതിക്കടുത്ത കെട്ടിടത്തിൽ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള 75 പ്രഗൽഭ വ്യക്തിത്വങ്ങൾ ഒത്തുചേർന്നു. അവർ ഇന്ത്യയിലെ സാമൂഹികവും രാഷ്ട്രീയവുമായ സ്ഥിതിഗതികളെസംബന്ധിച്ചും മുസ്‌ലിം സമുദായത്തിന്റെ അവസ്ഥയെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. തങ്ങളിലർപ്പിതമായ ഇസ്‌ലാമിക ബാധ്യതകളെപ്പറ്റിയും അതു നിർവഹിക്കാൻ അനിവാര്യമായും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും ഗൗരവപൂർവം ആലോചിച്ചു. അങ്ങനെ പണ്ഡിതോചിതമായ ചർച്ചക്കും പര്യാലോചനകൾക്കും ശേഷമാണ് അന്നവിടെവെച്ച് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ നേതൃത്വത്തിൽ ജമാഅത്തെ ഇസ്‌ലാമി രൂപീകൃതമായത്.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ സ്വാതന്ത്ര്യ സമരം രാജ്യമെങ്ങും കൊടുമ്പിരിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. പാക്കിസ്ഥാൻ വാദവും അത്ര ശക്തിയായിത്തന്നെ രാജ്യത്തെ ഇളക്കിമറിച്ചുകൊണ്ടിരുന്നു. ഒരു വശത്ത് നാഷണൽ കോൺഗ്രസ്സ് ഇന്ത്യൻ ദേശീയതയിലൂന്നിനിന്നുകൊണ്ട് സ്വാതന്ത്ര്യസമര രംഗത്തുറച്ചുനിന്നു. മുസ്‌ലിം ലീഗ് സ്വന്തവും സ്വതന്ത്രവുമായ ഒരു രാഷ്ട്രത്തിനുവേണ്ടിയുള്ള വാദവുമായി രംഗത്ത് വരികയും ചെയ്തു. എന്നാൽ ഒരു വിഭാഗവും തങ്ങൾക്ക് ലഭ്യമാവുന്ന രാജ്യത്ത് എന്ത് വ്യവസ്ഥയാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കിയിരുന്നില്ല. അതേ സമയം രാഷ്ട്രീയ നേതാക്കന്മാരുടെയും പണ്ഡിതന്മാരുടെയും ബുദ്ധിജീവികളുടെയും ചിന്താമണ്ഡലത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നത് പാശ്ചാത്യ ഭൗതിക സിദ്ധാന്തങ്ങളായിരുന്നു. രണ്ടു നൂറ്റാണ്ടു കാലം നീണ്ടുനീന്ന ബ്രിട്ടീഷ്ഭരണവും അവരുടെ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ പരിപാടികളും ഈ മസ്തിഷ്ക പ്രക്ഷോളനത്തിൽ നിർണായക പങ്കുവഹിച്ചു. അതിനാൽ പിറന്നുവീഴാനിരിക്കുന്ന പരമാധികാര രാഷ്ട്രത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച വ്യക്തമായ ചിത്രം സമർപ്പിക്കപ്പെട്ടിരുന്നില്ലെങ്കിലും ജനാധിപത്യവും മതേതരത്വവും സോഷ്യലിസവും കമ്യൂണിസവുമൊക്കെയായിരുന്നു അന്തരീക്ഷത്തിൽ ഉയർന്നുകേട്ടിരുന്നത്. മറുഭാഗത്ത് പാക്കിസ്ഥാന് വേണ്ടി രംഗത്ത് വന്നവരുടെ മുമ്പിലും തങ്ങൾ സ്ഥാപിക്കാൻ പോകുന്ന രാഷ്ട്രത്തിന്റെ ഭരണവ്യവസ്ഥയെ സംബന്ധിച്ച അവ്യക്തമായ ധാരണപോലുമുണ്ടായിരുന്നില്ല. അവസാന വിശകലനത്തിൽ അവരും പാശ്ചാത്യൻ ഭൗതിക സംസ്കാരത്തിന്റെ വക്താക്കളായിരുന്നു. അതിന്റെ സ്വാധീനത്തിന് അടിമുടി അടിപ്പെട്ടവരും.

ഈ പശ്ചാത്തലത്തിൽ മർഹൂം മൗലാനാ മൗദൂദിയുടെ നേതൃത്വത്തിൽ ജമാഅത്തെ ഇസ്‌ലാമി, പാശ്ചാത്യൻ ഭൗതിക വ്യവസ്ഥകളുടെ പൊള്ളത്തരം തുറന്നുകാണിച്ചു. സെക്കുലറിസത്തിന്റെയും പടിഞ്ഞാറൻ ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും ദൗർബല്യങ്ങളും ദൂഷ്യങ്ങളും വിശദമായി വിവരിച്ചു. മനുഷ്യരുടെ ഐഹികക്ഷേമത്തിന്റെയും മരണാനന്തരജീവിതത്തിലെ രക്ഷയുടെയും ഏക വ്യവസ്ഥയെന്ന നിലയിൽ ഇസ്‌ലാമിനെ ഇന്ത്യൻ ജനതക്ക് പരിചയപ്പെടുത്തുകയും ചെയ്തു. അന്നത്തെ രാജ്യനിവാസികൾ ധരിച്ചുവെച്ചപോലെ, ഇസ്‌ലാം മുസ്‌ലിംകളെന്നറിയപ്പെടുന്ന ജനവിഭാഗത്തിന്റെ സ്വകാര്യ സ്വത്തല്ലെന്നും മുഴുവൻ മനുഷ്യർക്കുമായി ദൈവം നൽകിയ ജീവിത വ്യവസ്ഥയാണെന്നും ഉറക്കെ പ്രഖ്യാപിച്ചു. അതോടൊപ്പം അത് ഏതാനും പൂജാപാട്ടുകളുടെയും ആരാധനാചാരങ്ങളുടെയും സമുച്ചയമാണെന്ന ധാരണ തിരുത്താൻ തീവ്രശ്രമം നടത്തി. ലോകം കണ്ട മറ്റെല്ലാ സാമൂഹ്യ,

സാമ്പത്തിക, രാഷ്ട്രീയ, ഭരണവ്യവസ്ഥക ളെയും മികച്ചുനിൽക്കുന്ന നിത്യനൂതനവും കാലാതീതവും ദേശാതീതവും പ്രായോഗി കവുമായ പ്രത്യയശ്സ്ത്രമെന്ന നിലയിൽ ഇസ്‌ലാമിനെ സയുക്തികം ഇന്ത്യൻ ജന തക്കു മുമ്പിൽ സമർപ്പിച്ചു.

അതോടൊപ്പം അജ്ഞതയിലും അന്ധ വിശ്വാസത്തിലും ആലസ്യത്തിലുമാണ്ടും, അന്യചിന്താപ്രസ്ഥാനങ്ങൾക്കടിപ്പെട്ടും ബോധശൂന്യരായി കഴിഞ്ഞുകൂടിയിരുന്ന മുസ്‌ലിംകളെ ഒരാദർശസമൂഹമെന്ന നില യിലുള്ള തങ്ങളുടെ ഉത്തരവാദിത്തങ്ങളെ സംഹന്ധിച്ച് നിരന്തരം ഉണർത്തുകയും ഉൽബോധിപ്പിക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ സംസ്ഥാപനത്തിനായി സർവ്വസ്വം സമർപ്പിച്ച് സംഘടിക്കേണ്ട തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു.

**സ്വാതന്ത്ര്യാനന്തര്യയിൽ**

ജമാഅത്തെ ഇസ്‌ലാമി വിഭജനത്തിന് തീർത്തും എതിരായിരുന്നു. അറബിപ്പേ രുള്ള ആൾക്കൂട്ടത്തെ സംഘടിപ്പിച്ച് ഒരു രാജ്യം സ്ഥാപിച്ചതുകൊണ്ട് ഇസ്‌ലാമിന്നോ മുസ്‌ലിംകൾക്കോ പ്രത്യേകിച്ചൊന്നും നേടാനില്ലെന്ന് മൗലാനാ മൗദൂദിയും ജമാ അത്തും ശക്തിയായി വാദിച്ചു. അതോ ടൊപ്പം വിഭജനം രൂക്ഷമായ വർഗ്ഗീയ കലാ പങ്ങൾക്ക് വഴിമരുന്നിടുമെന്നും അത് ഇന്ത്യ യിൽ അവശേഷിക്കുന്ന മുസ്‌ലിംകൾക്കും പാക്കിസ്ഥാനിലകപ്പെടുന്ന ഹിന്ദുക്കൾക്കും വിവരാണാതീതമായ കഷ്ടനഷ്ടങ്ങൾക്കി ടവരുത്തുമെന്നും താക്കീത് നൽകി. എന്നാൽ നാട്ടിന്റെയും നാട്ടുകാരുടെയും ഇസ്‌ലാമിക മാറ്റത്തിനുവേണ്ടി യത്നിക്ക ലാണ് മുസ്‌ലിംകളുടെ ചുമതലയെന്നും രാജ്യത്തിന്റെ ഒരു ഭാഗം മുറിച്ചുകൊണ്ടു പോവലല്ലെന്നുമുള്ള ജമാഅത്തിന്റെ വിവേ കപൂർണവും സുചിന്തിതവുമായ അഭി പ്രായം മുസ്‌ലിം ദേശീയവാദികൾക്ക് ഒട്ടും സ്വീകാര്യമായില്ല. അഥവാ, ഹിന്ദു ദേശീയ, വർഗ്ഗീയ വാദികളുടെ സമീപനം അതിന വരെ അനുവദിച്ചില്ല. ഒടുവിൽ ദൗർഭാഗ്യ കരമായ വിഭജനം ഒരു യാഥാർഥ്യമായി. വ്യപകമായ വർഗീയ കലാപങ്ങൾ അനേ കായിരങ്ങളുടെ ജീവൻ അപഹരിച്ചു. അതിന്നും അവിരാമം തുടരുന്നു. അന്നാ രംഭിച്ച അഭയാർഥി പ്രശ്നം രൂപഭേദങ്ങ ളോടെ ഇന്നും തുടരുന്നു.

വിഭജനത്തോടെ ജമാഅത്തെ ഇസ്‌ലാമിയും രണ്ടായി. 1948 ഏപ്രിലിൽ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹിയുടെ നേതൃത്വത്തിൽ ഇന്ത്യൻ ജമാത്തെ ഇസ്‌ലാമി രൂപീകൃതമായി. തീർത്തും പ്രതി കൂലമായ പരിസ്ഥിതിയാണ് അന്ന് നാട്ടി ലെങ്ങും നിലനിന്നിരുന്നത്. മറ്റു മുസ്‌ലിം സംഘടനകളൊന്നും രംഗത്തുവരാൻ ധൈര്യം കാണിച്ചരുന്നില്ല. വിശേഷിച്ചും ഉത്തരേന്ത്യയിൽ. ജമാഅത്തെ ഇസ്‌ലാമി പുതിയ പരിതസ്ഥിതിയിൽ സന്ദർഭോജിത മായ നയപരിപാടികളോടെ പ്രവർത്തനമാ രംഭിച്ചു.

**ഇസ്‌ലാമിക പ്രബോധനം**

ജമാഅത്തെ ഇസ്‌ലാമി പരമ്പരാഗത ശൈലിയിലുള്ള ഒരു മത സംഘനയല്ല. അധികാരം ലക്ഷ്യമാക്കിയ രാഷ്ട്രീയ പാർട്ടിയുമല്ല. ധാർമിക മൂല്യങ്ങളുടെ പ്രചാ രണത്തിനുമാത്രം നിലകൊള്ളുന്ന സാംസ്കാരിക സംഘടനയുമല്ല. മറിച്ച് നാനാജാതി മതസ്ഥരെ ദൈവിക സന്മാർഗ ത്തിൽ അണിനിരത്തി, വ്യക്തി സംസ്കര ണത്തിലൂടെ, ധാർമികാടിത്തറയിൽ സമൂഹ ത്തിന്റെ പുനഃസംവിധാനവും രാഷ്ട്ര ത്തിന്റെ നിർമാണവും ലക്ഷ്യംവെച്ചു പ്രവർത്തിക്കുന്ന ഒരാദർശ വിപ്ലവപ്രസ്ഥാ നമാണ്.

ഇന്ത്യയിലെ നിവാസികളിൽ എൺപ തുശതമാനവും അമുസ്‌ലിംകളാണ്. അവ രൊക്കെയും ഇസ്‌ലാമിനെ സംബന്ധിച്ച് തീർത്തും അജ്ഞരാണ്. ചരിത്രപരവും മറ്റു മായ കാരണങ്ങളാൽ ഗുരുതരമായ തെറ്റി ദ്ധാരണവെച്ചു പുലർത്തുന്നവർ. അതിനാൽ ജമാഅത്തെ ഇസ്‌ലാമി അവ രിൽ നിലനിൽക്കുന്ന അബദ്ധ ധാരണകൾ തിരുത്താനും അവർക്ക് ദൈവിക ദീനിനെ പരിചയപ്പെടുത്താനും വ്യവസ്ഥാപിത മായും ആസൂത്രിതമായും നിരന്തരം ശ്രമി ച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിക പ്രബോധനം ലക്ഷ്യംവെച്ച് പ്രത്യേകം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും പ്രബോധക സംഘങ്ങളെ വാർത്തെടുക്കു കയും ചെയ്യുന്നു.

നമ്മുടെ നാട്ടിലെ വിവിധ സമുദായ ക്കാരിൽ ഗണ്യമായ വിഭാഗം മതമുക്തരാ ണ്; ദൈവനിഷേധികളോ സന്ദേഹവാദി കളോ ആണ്. നന്നെച്ചുരുങ്ങിയത് മത ത്തിലും ദൈവത്തിലുമൊന്നും താൽപര്യ മില്ലാത്തവർ. യുക്തിവാദം, കമ്യൂണിസം, സെക്കുലറിസം തുടങ്ങിയ ഭൗതിക പ്രസ്ഥാനങ്ങളുടെ പ്രചരണവും പ്രവർത്ത നങ്ങളും മതനിരാസത്തിന് ആക്കം കൂട്ടു കയും ചെയ്യുന്നു. ഇത്തരം പ്രവണതകളുടെ കൊച്ചു കൊച്ചു പ്രകടനങ്ങൾ പ്രവാ ചകന്മാരുടെ കാലത്തുമുണ്ടായിരുന്നു. എങ്കിലും ഇന്നത്തെപ്പോലെ നാസ്തിക നിർമത പ്രസ്ഥാനങ്ങൾ സംഘടിതമായും ആസൂത്രിതമായും അന്നൊന്നും പ്രവർത്തി ച്ചിരുന്നില്ല. അതിനാൽ ജമാഅത്തെ ഇസ്‌ലാമി, സുശക്തവും സുസംഘടിത വുമായ നിരീശ്വര, നിർമത ചിന്താഗതികളെ ഫലപ്രദമായും പ്രായോഗികമായും പ്രതി രോധിച്ചുകൊണ്ടിരിക്കുന്നു. ഭൗതിക സിദ്ധാ ന്തങ്ങൾക്കെതിരായ ജമാഅത്തിന്റെ ആശ യസമരവും ആസൂത്രിതശ്രമങ്ങളും വമ്പിച്ച സദ്ഫലങ്ങൾ സമ്മാനിച്ചിട്ടുണ്ടെന്നത് അനിഷേധ്യമാണ്.

നാട്ടൽ നിലനിൽക്കുന്ന മുഴുവൻ തിന്മകളുടെയും അടിസ്ഥാനം ദൈവനി ഷേധം, ബഹുദൈവത്വം, മതനിരാസം പോലുള്ളവയാണെന്ന് ജമാഅത്ത് ഉറച്ചു വിശ്വസിക്കുന്നു. അതിനാലവയെ ആവുംവിധം പ്രതിരോധിക്കുകയും എതിർക്കുകയും ചെയ്യുന്നു. അങ്ങനെ രാജ്യനിവാസികളകപ്പെട്ട അപകടകരമായ അവസ്ഥകളുടെ നിമിത്തങ്ങൾ വിശകലനം നടത്തുകയും അവരംഗീകരിച്ച ആശയാ ദർശങ്ങളുടെ അബദ്ധങ്ങളും അനിവാര്യ ദൂഷ്യങ്ങളും അവരെ ബോധ്യപ്പെടുത്തു കയും ചെയ്യുന്നു. പകരമായി മനുഷ്യന്റെ ഐഹികക്ഷേമത്തിന്റെയും മരണാനന്തര മോക്ഷത്തിന്റെയും നിദാനമായ ഏകദൈ വത്വം, പരലോകബോധം, പ്രവാചകത്വ വിശ്വാസം, അവയിലധിഷ്ഠിതമായ ദൈവിക ജീവിത വ്യവസ്ഥ എന്നിവയെ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്യു ന്നു. ഇങ്ങനെ ജീവിതത്തിന്റെ മുഴുവൻ മേഖലകളിലുമുള്ള ദൈവത്തിന്റെ മാത്രം പരമാധികാരവും അത് നിരാകരിച്ചാൽ അനിവാര്യമാകുന്ന പരലോകശിക്ഷയും ഊന്നിപ്പറഞ്ഞുകൊണ്ട് രാജ്യത്തെ മുഴുവൻ ജനങ്ങളെയും സത്യവ്യവസ്ഥയിലേക്ക് ക്ഷണിക്കുകയെന്നത് ജമാഅത്ത് അതിന്റെ ദൗത്യമായി സ്വയം ഏറ്റെടുത്തിരിക്കുന്നു.

**സംസ്കരണ ശ്രമങ്ങൾ**

ഇന്ത്യൻ ജനതയുടെ മുമ്പിൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നത് ഇവി ടത്തെ മുസ്‌ലിംകളാണ്. നിർഭാഗ്യവശാൽ നിലവിലുള്ള മുസ്‌ലിം സമുദായം ഇസ്‌ലാമിന്റെ യഥാർഥ മാതൃകയല്ല. ശിർക്കുപരമായ വിശ്വാസങ്ങൾ, ആരാധനാ വൈകൃതങ്ങൾ, ആചാര വൈകല്യങ്ങൾ, അനിസ്‌ലാമിക പാരമ്പര്യങ്ങൾ, സാമ്പ ത്തിക കുറ്റങ്ങൾ, സാമൂഹ്യ തിന്മകൾ സാം സ്കാരിക ജീർണതകൾ, ധാർമികത്തകർച്ച, രാഷ്ട്രീയ പാതകങ്ങൾ തുടങ്ങിയവയിൽ നിന്നൊന്നും മുസ്‌ലിംകളും ഇന്ന് മുക്തര ല്ല. അതുകൊണ്ടുതന്നെ ഇസ്‌ലാമിനെ രാജ്യനിവാസികളുടെ മുമ്പിൽ സത്യസന്ധ മായി സമർപ്പിക്കാൻ സമുദായത്തിനിന്ന് സാധിക്കുന്നില്ല. എന്നല്ല, ജീവിക്കുന്ന നാമ മാത്ര മുസ്‌ലിം സഹോദരങ്ങൾക്കിടയിൽ ഇസ്‌ലാമിനെ സംബന്ധിച്ച് ഗുരുതരമായ തെറ്റിദ്ധാരണകളും വെറുപ്പും വിദ്വേഷവും പുഛവും വളർത്താൻ ഇടവരുത്തുകയും ചെയ്യുന്നു.

ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാന ത്തിന് സ്വന്തം സമുദായത്തിലെ ഈ പരി താവസ്ഥ കണ്ടില്ലെന്ന് നടിക്കുക സാധ്യമ ല്ല. അതിനാൽ മുസ്‌ലിംകളുടെ ജീവിതം ഇസ്‌ലാമികാടിത്തറകളിൽ പുനഃസ്സംവിധാ നിക്കുന്ന സംസ്കരണ പ്രവർത്തനങ്ങൾക്ക് (ഇസ്‌ലാഹ്) ജമാഅത്തെ ഇസ്‌ലാമി മുഖ്യ സ്ഥാനം കൽപിച്ചിരിക്കുന്നു. മുസ്‌ലിംക ളിൽ നിലനിൽക്കുന്ന എല്ലാവിധ അനി സ്‌ലാമിക നടപടികളും അവസാനിപ്പിക്കാ നാണത് ശ്രമിക്കുന്നത്. സമുദായത്തിലെ ഏതെങ്കിലും ചില വശങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിക്കുകയാണെ ങ്കിൽ അത് ഭാഗികമായ സംസ്കരണ പ്രവർത്തനമേ ആവുകയുള്ളൂ. ഉദാഹ രണമായി, മുസ്‌ലിംകളിലെ പലിശയെയും കരിഞ്ചന്തയെയും കൈക്കൂലിയെയും സാമൂ

ഹൃതിന്മകളെയും രാഷ്ട്രീയ പാതകങ്ങളെയും അവഗണിച്ച് അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കുകയാണെങ്കിൽ അതും സംസ്കരണപ്രവർത്തനം (ഇസ്ലാഹ്) തന്നെയാണ്. പക്ഷേ, തികച്ചും ഭാഗികം. ഇപ്രകാരംതന്നെ സാമ്പത്തിക മേഖലയിലോ വിദ്യാഭ്യാസരംഗത്തോ മാത്രം ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളും സംസ്കരണശ്രമങ്ങൾ തന്നെ. എന്നാൽ ഇന്ത്യയിലെ സമകാലീന മുസ്ലിം സമുദായത്തിൽ നടക്കേണ്ടത് സമ്പൂർണമായ സംസ്കരണസംരംഭങ്ങളാണ്. കാരണം സമുദായത്തിന്റെ മുഴുജീവിത മേഖലകളെയും ജാഹിലിയ്യത്തും ജീർണതയും ബാധിച്ചിട്ടുണ്ട്. ശുദ്ധമായ മത സങ്കൽപത്തിനുപോലും പോറലേറ്റിരിക്കുന്നു. വിശ്വാസത്തിലെ വിശുദ്ധി വിനഷ്ടമായിരിക്കുന്നു. ഭൗതിക സിദ്ധാന്തങ്ങളും ചിന്താഗതികളും ജീവിത വീക്ഷണത്തിൽ കളങ്കവും കാപട്യവും കലർത്തിയിരിക്കുന്നു. ഇക്കാരണങ്ങളാലെല്ലാം ഇന്ത്യൻ മുസ്ലിംകൾ മുഴുജീവിത ശൃംഖലകളിലും സംസ്കരണം ആവശ്യപ്പെടുന്നു. ജമാഅത്തെ ഇസ്ലാമി ആ ദൗത്യനിർവഹണത്തിന് ആവുംവിധം ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഭൗതിക പ്രത്യേയശാസ്ത്രങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പൊലിമയിൽ വഞ്ചിതരായ സമുദായ നേതാക്കളും മതപണ്ഡിതന്മാരും അപകർഷബോധത്തിന്നടിപ്പെട്ടു. അതിനാലവർ പരാജിതമനസ്കരായി ക്ഷമാപണ ശൈലിയോടെ സംസാരിക്കാൻ തുടങ്ങി. ഇത് മുസ്ലിം ജനസാമാന്യത്തിൽ കടുത്ത നിരാശയും ഇഛാഭംഗവുമുണ്ടാക്കി. അതിനാവർ കൂട്ടത്തോടെ ഭൗതിക പ്രസ്ഥാനങ്ങളിലേക്ക് പ്രവഹിക്കാൻ തുടങ്ങി. ഈ പ്രതികൂല പരിതസ്ഥിതിയിലാണ് ജമാഅത്തെ ഇസ്ലാമി രംഗത്തുവന്നത്. അത് ഭൗതിക പ്രത്യേയശാസ്ത്രങ്ങളുടെ പൊള്ളത്തരങ്ങളും ദൗർബല്യങ്ങളും തുറന്നുകാണിച്ചു. മുതലാളിത്തം, കമ്യൂണിസം സോഷ്യലിസം, നാഷണലിസം പോലുള്ളവയ്ക്ക് മനുഷ്യരാശിയെ രക്ഷിക്കാനാവില്ലെന്ന വസ്തുത സോദാഹരണം വരച്ചുകാണിച്ചു. അതോടൊപ്പം മറ്റെല്ലാ വ്യവസ്ഥകളേക്കാളും മികവും തികവുമുള്ള പ്രത്യേയശാസ്ത്രമെന്ന നിലയിൽ ഇസ്ലാമിനെ പരിചയപ്പെടുത്തുകയും തെളിയിച്ചുകാണിക്കുകയും ചെയ്തു. അനേകായിരം മുസ്ലിം യുവാക്കളെ നിരീശ്വര, നിർമത, ഭൗതിക പ്രസ്ഥാനങ്ങളുടെ പിടിയിൽനിന്ന് രക്ഷിക്കാൻ ഇതുവഴി ജമാഅത്തെ ഇസ്ലാമിക്ക് സാധിച്ചു. അതോടൊപ്പം മപണ്ഡിതന്മാരിലും സമുദായ നേതാക്കളിലും ആത്മാഭിമാന ബോധവും ഔന്നിത്യബോധവും വളർത്താനും ഈ ദൃഢശ്രമങ്ങൾവഴി ജമാഅത്തിന് സൗഭാഗ്യം സിദ്ധിച്ചു.

വിഭജനാനന്തരം ഇന്ത്യയിൽ അവശേഷിച്ച മുസ്ലിംകളെ പിടികൂടിയ ഭീതിയും നിരാശയും അപകർഷബോധവും അവസാനിപ്പിച്ച് അവരിൽ ധൈര്യവും ആത്മവിശ്വാസവും വളർത്താനും ജമാഅത്ത് നിരന്തരം ശ്രമിക്കുകയുണ്ടായി. ഉത്തരേന്ത്യൻ മുസ്ലിംകൾ സ്വന്തം സംസ്കാരത്തിലും വിശ്വാസാദർശത്തിലും ഉറച്ചുനിൽക്കാൻ ജമാഅത്തിന്റെ ഇത്തരം ശ്രമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

**സാമുദായിക പ്രശ്നങ്ങൾ**

വിഭജനം ഇവിടുത്തെ മുസ്ലിംകൾക്ക് കനത്ത ആഘാതമാണേൽപിച്ചത്. നിർഭാഗ്യകരമായ ആ സംഭവം ഭൂരിപക്ഷ സമുദായത്തിൽ രാജ്യത്തെ സംബന്ധിച്ച പ്രത്യേക അവകാശബോധം വളർത്തി. മുസ്ലിംകളിൽ ആപൽക്കരമായ അപകർഷചിന്തയും അതുണ്ടാക്കി. ദൈവത്തിന്റെ ഭൂമി ദൈവദാസന്മാർക്കുള്ളതാണെന്നും അതിന്റെ മേലുള്ള അവരുടെ അവകാശം ചോദ്യംചെയ്യാൻ ആർക്കും അധികാരമില്ലെന്നുമുള്ള ശക്തമായ ആദർശബോധത്തിന്റെ അഭാവം അതിന് ആക്കം കൂട്ടുകയും ചെയ്തു. ഈ പ്രതികൂല പരിതസ്ഥിതി പ്രതിലോമശക്തികൾക്ക് മുസ്ലിംകളുടെ അസ്തിത്വം ചോദ്യം ചെയ്യാനും അവകാശങ്ങൾ നിഷേധിക്കാനും ആരാധാലയങ്ങൾ കയ്യേറാനും സാംസ്കാരിക ചിഹ്നങ്ങൾ നശിപ്പിക്കാനും കളമൊരുക്കി. ഇന്ത്യയിലിന്ന് ദിനേനയെന്നവണ്ണം നിരവധി മുസ്ലിംകളുടെ ജീവനും സ്വത്തും അന്യായമായി ഹനിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവരുടെ സാംസ്കാരിക സ്ഥാപനങ്ങൾ കടുത്ത വെല്ലുവിളികൾ നേരിടുന്നു. മതസ്ഥാപനങ്ങളും ആരാധനാലയങ്ങളും അന്യവൽക്കരിക്കപ്പെടുന്നു. ശരീഅത്തിന്റെ ഭാഗമായി അവശേഷിക്കുന്ന വ്യക്തിനിയമങ്ങൾ ഭീഷണികൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. നിസ്സാര കാര്യങ്ങളുടെ പേരിൽ അവരെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു രാജ്യത്തെ വർഗീയ ഫാഷിസ്റ്റ് ശക്തികൾ.

നാട്ടിൽ നിലനിൽക്കുന്ന വിപൽക്കരമായ ഈ സാഹചര്യത്തിൽ സ്വന്തം അസ്തിത്വവും വ്യക്തിത്വവും പരിരക്ഷിക്കാൻ മുസ്ലിം സമുദായത്തെ സജ്ജരാക്കേണ്ടത് അനിവാര്യമാണെന്ന് ജമാഅത്തെ ഇസ്ലാമി മനസ്സിലാക്കുന്നു. അത് ഇസ്ലാമിക പ്രവർത്തനങ്ങളുടെയും ദീനിന്റെ സംസ്ഥാപനശ്രമങ്ങളുടെയും അഭിവാജ്യ ഭാഗമത്രെ. അതുകൊണ്ടുതന്നെ സ്വന്തം സമുദായത്തിന്റെ അസ്തിത്വവും വ്യക്തിത്വവും നിലനിർത്താനായി ഇന്ത്യയിലെ മുഴുവൻ മുസ്ലിംകളെയും ഒരേവേദിയിൽ അണിനിരത്താൻ ജമാഅത്ത് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആൾ ഇന്ത്യാ മുസ്ലിം മജ്ലിസെ മുശാവറ, പേർസണൽ ലോബോർഡ്, ബാബരി മസ്ജിദ് കോ-ഓർഡിനേഷൻ കമ്മിറ്റി പോലുള്ള മുസ്ലിംകളുടെ പൊതുവേദികളുടെ രൂപീകരണത്തിലും പ്രവർത്തനങ്ങളിലും ജമാഅത്ത് നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ വേദികളിലെല്ലാം ഇപ്പോഴുമത് സജീവ പങ്കാളിത്തം വഹിക്കുന്നു.

**അധാർമികതക്കെതിരെ**

ജാതി-മത ഭേദമന്യേ മുഴുവൻ ഇന്ത്യക്കാരെയും ബാധിച്ച മഹാവ്യാധിയാണ് വ്യാപകമായ ധർമച്യുതി. മുഴുവൻ ജീവിത മേഖലകളെയും അധാർമ്മികത അടക്കി വാഴുകയാണ്. വർഗ്ഗീയ കലാപങ്ങളുൾപെടെ രാജ്യമഭിമുഖീകരിക്കുന്ന അഖില പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം ജനജീവിതത്തെ മുച്ചൂടം ബാധിച്ച ധർമഭ്രംശമത്രെ. അതിനിടവരുത്തിയതോ ഈശ്വരവിശ്വാസത്തിന്റെയും പരലോക ബോധത്തിന്റെയും അഭാവവും. ഈ വസ്തുത ഇന്ത്യൻജനതയെ ബോധ്യപ്പെടുത്താൻ ജമാഅത്തെ ഇസ്ലാമി തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. മുതലാളിത്തം, സാമ്പത്തിക ചൂഷണം, ഐത്തം, ഉച്ചനീചത്വം, അക്രമം, അനീതി, മത-ഭാഷാ-പ്രാദേശിക പക്ഷപാതങ്ങൾ, ഏകാധിപത്യ-സമഗ്രാധിപത്യ പ്രവണതകൾ, സാംസ്കാരികമായ കടന്നാക്രമണം, എന്നിവക്കെതിരിലും ജമാഅത്ത് ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, സാമ്പത്തികനീതി, സാമൂഹിക സമത്വം, മനുഷ്യസാഹോദര്യം എന്നീ മൂല്യങ്ങളുടെ പ്രചാരണത്തിനും പിന്നോക്കവിഭാഗങ്ങളുടെ ഉദ്ധാരണത്തിനും തൊഴിലാളികളുടെയും കർഷകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ദാരിദ്ര്യവും നിരക്ഷരതയും ഇല്ലാതാക്കുന്നതിനും ജമാഅത്തെ ഇസ്ലാമി അതിന്റെ കഴിവനുസരിച്ച് ശ്രമിച്ചുവരുന്നു.

**മറ്റ് സംഘടനകളോടുള്ള സമീപനം**

ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി മറ്റു മുസ്ലിം സംഘടനകളോടു സ്വീകരിക്കുന്ന സമീപനം സഹകരണാത്മകവും ഇസ്ലാമിക സാഹോദര്യത്തിലധിഷ്ഠിതവുമാണ്. അവ നിർവഹിച്ചുകൊണ്ടിരിക്കുന്നതും ദീനിന്റെ സംസ്ഥാപനത്തിന് (ഇഖാമത്തുദ്ദീനിന്) സഹായകമായ കാര്യങ്ങൾ തന്നെയാണെന്ന് അത് മനസ്സിലാക്കുന്നു.

മുസ്ലിംകളിൽ അള്ളിപ്പിടിച്ച അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അവസാനിപ്പിക്കാൻ ശ്രമിക്കുന്നവർ ജമാഅത്തെ ഇസ്ലാമിയുടെ പ്രവർത്തനപരിപാടിയിലെ രണ്ടാമത്തെ ഇനമായ മുസ്ലിംകളുടെ സമ്പൂർണ സംസ്കരണത്തിന്റെ ഒരു വശത്തിനാണ് ഊന്നൽ നൽകുന്നത്. അതുകൊണ്ട് അതിനെ ജമാഅത്ത് ഏറ്റെടുത്ത ലക്ഷ്യപൂർത്തീകരണത്തിന് അത് സഹായകമാണ്. അതിനാൽ ഈ രംഗത്ത് അവരോട് സഹകരിക്കാനും ഒത്തൊരുമിച്ച് പ്രവർത്തിക്കാനും ജമാഅത്ത് സന്നദ്ധമാണ്. എന്നാൽ ഇന്ത്യയിലെ ഇസ്ലാമിക സമൂഹം നിർവഹിക്കേണ്ട ചുമതല, തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇസ്ലാഹീ പ്രവർത്തനം മാത്രമാണെന്ന് ധരിക്കുകയും അതിൽ തൃപ്തിയടഞ്ഞ്

പൂർണബാധ്യത ഏറ്റെടുത്ത് നടത്തുന്നവരെ എതിർക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവെന്നതാണ് ഖേദകരമായ വസ്തുത. തങ്ങളുടെ പ്രവർത്തനങ്ങൾ പൂർണമായി വിജയിച്ചാൽപോലും ഇസ്‌ലാഹീ പ്രവർത്തനം പൂർത്തിയാവുകയില്ലെന്നും മുസ്‌ലിംകൾ ഉത്തമ സമുദായവും മാതൃകാസമൂഹവുമായി മാറുകയില്ലെന്നും നിർഭാഗ്യവശാൽ ഈ വിഭാഗം മനസ്സിലാക്കുന്നില്ല. കുടുംബ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ, ഭരണരംഗങ്ങളിലെല്ലാം ഇസ്‌ലാമിക പാത പിന്തുടർന്ന് പരിശുദ്ധജീവിതം നയിച്ചാലല്ലാതെ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അവസാനിപ്പിച്ചാലല്ലാതെ ആത്മീയവശം സംസ്കരിക്കുന്നതുകൊണ്ടുമാത്രം മുസ്‌ലിംകൾ അനുകരണീയരായി അംഗീകരിക്കപ്പെടുകയില്ല.

ഇപ്രകാരംതന്നെ മുസ്‌ലിംകളെ ആരാധനാനുഷ്ഠാനങ്ങളിൽ നിഷ്ഠയുള്ളവരാക്കാൻ യത്നിക്കുന്നവരും സമുദായത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് പരിശ്രമിക്കുന്നവരും സാമ്പത്തിക വളർച്ചക്ക് പരിശ്രമിക്കുന്നവരുമെല്ലാം പരിഷ്കരണപ്രവർത്തനങ്ങളുടെ ചില വശങ്ങൾക്ക് ഊന്നൽ നൽകുകയാണ് ചെയ്യുന്നത്. ഇവയൊക്കെ വിജയിച്ചാൽ മാത്രമേ ഇഖാമത്തുദ്ദീൻ പൂർണാർഥത്തിൽ സാധ്യമാവുകയുള്ളൂ. അതിനാൽ ഇത്തരം ശ്രമങ്ങളെ നിസ്സാരമോ അഗണ്യമോ ആയി ജമാഅത്ത് കരുതുന്നില്ല. മുസ്‌ലിം സമുദായത്തിന്റെ ന്യായമായ അവകാശങ്ങളുടെ സംരക്ഷണത്തിനും സാസ്കാരികമായ അസ്തിത്വവും വ്യക്തിത്വവും കാത്തുസൂക്ഷിക്കാനും നടത്തപ്പെടുന്ന ശ്രമങ്ങളുടെ നേരെയുള്ള സമീപനവും ഇതുതന്നെ. അവ നിഷേധാത്മകമോ ശത്രുതാപരമോ ആവാതെ രചനാത്മകവും ഫലപ്രദവുമായിത്തീരണമെന്ന് ജമാഅത്ത് ആത്മാർഥമായാഗ്രഹിക്കുന്നു. അതിനാൽ വ്യതിയാനങ്ങളും വീഴ്ചകളും സംഭവിക്കുമ്പോൾ ഗുണകാംക്ഷാപൂർവം,സ്നേഹബുദ്ധ്യാ ചൂണ്ടിക്കാക്കാണിക്കുകയും ചെയ്യുന്നു. പക്ഷേ, നിർഭാഗ്യവശാൽ ജമാഅത്തിന്റെ ഈ നിലപാട് സഹോദരസംഘടനകൾ വേണ്ടവിധം മനസ്സിലാക്കാതെ ഗുരുതരമായ തെറ്റിദ്ധാരണകൾ വെച്ചുപുലർത്തുകയാണിന്നും.

**സവിശേഷതകൾ**

ജമാഅത്തെ ഇസ്‌ലാമിക്ക് മറ്റു മുസ്‌ലിം സംഘടകളിൽനിന്ന് വ്യത്യസ്തമായി നിരവധി സവിശേഷതകളുണ്ട്. അവയിൽ അതിപ്രധാനമായവ മാത്രം താഴെ കുറിക്കുന്നു.

1. മുഴുജീവിതമേഖലകളിലും നിയമനിർമാണത്തിന്റെ പരമാധികാരം അല്ലാഹുവിന് മാത്രമാണെന്ന്ഉറച്ച് വിശ്വസിക്കുകയും തുറന്നു പറയുകയും ചെയ്യുന്നു. അതിനാൽ ദൈവത്തിന്റെ പരമാധികാരം നിരാകരിച്ച് അത് മനുഷ്യർ കൽപിക്കുന്ന ഭൗതിക പ്രസ്ഥാനങ്ങളിൽ ചേർന്ന് പ്രവർത്തിക്കാൻ ജമാഅത്ത്, അതിന്റെ അംഗങ്ങളെ അനുവദിക്കുന്നില്ല. അതോടൊപ്പം സമൂഹജീവിതത്തെ ദൈവികപരമാധികാരത്തിന് വിധേയമാക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്യുന്നു.

2. ഇസ്‌ലാം കേവലം ആചാരാനുഷ്ഠാനങ്ങളുടെ സമുച്ചയമല്ലെന്നും മറിച്ച് സമ്പൂർണ ജീവിതവ്യവസ്ഥയാണെന്നും ജമാഅത്ത് ഉൽഘോഷിക്കുന്നു. അതിനാൽ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, ഭരണരംഗങ്ങളിലെല്ലാം ഇസ്‌ലാമികാധ്യാപനങ്ങൾ നടപ്പാക്കാൻ ശ്രമിക്കേണ്ടേണ്ടത് മുസ്‌ലിംകളുടെ നിർബന്ധ ബാധ്യതയാണെന്ന് അത് ഉൽബോധിപ്പിക്കുന്നു.

3. മുഴുവൻ പ്രവാചകന്മാരും തങ്ങളുടെ പ്രബോനപ്രവർത്തനങ്ങൾ വഴി ലക്ഷ്യംവെച്ച ദീനിന്റെ സമ്പൂർണ സംസ്ഥാപനം (ഇഖാമതുദ്ദീൻ) ലക്ഷ്യമായംഗീകരിച്ച ഇന്ത്യയിലെ ഏക ഇസ്‌ലാമിക പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതുവഴി ജമാഅത്ത് ഖുർആന്റെ ശാസന ശിരസാവഹിക്കുകയാണ് ചെയ്യുന്നത്: "നൂഹിനോട് അനുശാസിച്ചിട്ടുണ്ടായിരുന്നതും ദിവ്യസന്ദേശംവഴി ഇപ്പോൾ നിനക്ക് അവതരിപ്പിച്ചിട്ടുള്ളതും ഇബ്രാഹിം, മൂസാ, ഈസാ എന്നിവരോട് അനുശാസിച്ചിരുന്നതുമായ അതേ ദീനിനെതന്നെ നിങ്ങൾക്കു നിയമിച്ചു തന്നിരിക്കുന്നു; ഈ ദീനിനെ നിലനിർത്തുവിൻ, അതിൽ ഭിന്നിക്കരുത് എന്ന താക്കീതോടുകൂടി." (അശ്ശൂറാ: 13)

4. തങ്ങളുടെ ജീവിതം പൂർണമായി അല്ലാഹുവിന് സമർപ്പിക്കുന്നവരാണല്ലോ മുസ്‌ലിംകൾ. ദിനേന നന്നെച്ചുരുങ്ങിയത് അഞ്ചുനേരം ഇക്കാര്യം അല്ലാഹുവോട് തുറന്നുപയുകയും ചെയ്യുന്നു. എന്നാലിന്ന് മുസ്‌ലിംകളിലധികപേരും തങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയജീവിതം അല്ലാഹുവിനല്ല സമർപ്പിച്ചിരിക്കുന്നത്; ഭൗതിക പ്രസ്ഥാനങ്ങൾക്കാണ്. പ്രസ്തുത മേഖലകളിലൊക്കെ ഭൗതികസിദ്ധാന്തങ്ങൾ നടപ്പാക്കാൻ നിയുക്തമായ പ്രസ്ഥാനങ്ങളിലാണവർ ചേർന്ന് പ്രവർത്തിക്കുന്നത്. അതിനാൽ അത്തരം രംഗങ്ങളിൽ അവർക്ക് ഉപദേശനിർദേശങ്ങളും ഉത്തരവുകളും നയനിലപാടുകളും നൽകുന്നത് മതനേതൃത്വമല്ല; മറിച്ച് ബഹുദൈവവിശ്വാസികളും മതേതരന്മാരും ഭൗതികവാദികളുമൊക്കെയാണ്. ഒന്നുകൂടി തെളിയിച്ചു പറഞ്ഞാൽ ബഹുഭൂരിഭാഗം മുസ്‌ലിംകളുടെയും ജീവിതത്തിലിന്ന് മതനേതൃത്വത്തിന് നിയന്ത്രണാധികാരവും സ്വാധീനവുമുള്ളത് ചില ആരാധനാനുഷ്ഠാനങ്ങളുടെയും ആചാരങ്ങളുടെയും കാര്യത്തിൽ മാത്രമാണ്. രാഷ്ട്രീയ, ഭരണരംഗത്ത് ആരെ അനുകൂലിക്കണം, ആരെ പ്രതികൂലിക്കണം, ആർക്കുവേണ്ടി വാദിക്കണം, ആർക്കെതിരെ തർക്കിക്കണം, തള്ളേണ്ടതും കൊള്ളേണ്ടതും കൊടുക്കേണ്ടതും കൊടുക്കാതിരിക്കേണ്ടതും ആർക്കുവേണ്ടിയായിരിക്കണം എന്നിത്യാദി കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത് മതേതരന്മാരും ഭൗതികവാദികളും ബഹുദൈവവിശ്വാസികളുമാണ്. യഥാർഥത്തിലിത് ഇസ്‌ലാമിക സമൂഹത്തിന് തീർത്തും അന്യവും അപരിചിതവുമത്രെ.

അതിനാൽ ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രവർത്തകരോട് മുഴുജീവിതവും ഇസ്‌ലാമിക നേതൃത്വത്തിന്റെ നിർദേശങ്ങൾക്കനുരൂപമാക്കി മാറ്റാൻ അനുശാസിക്കുന്നു. ഈ ഏക നേതൃത്വമെന്നത് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ എടുത്തുപറയത്തക്ക സവിശേഷതയാണ്. വിവിധ ജീവിതമേഖലകളിൽ വ്യത്യസ്ത നേതൃത്വമെന്നത് അതിന് തീർത്തും അസ്വീകാര്യമത്രെ. ഖുർആൻ ആവശ്യപ്പെടുന്നതും അതുതന്നെ. 'വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; അവന്റെ ദൂതനെയും അനുസരിക്കുവിൻ. നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ അതിനെ അല്ലാഹുവിലേക്കും ദൂതനിലേക്കും മടക്കുവിൻ. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും യഥാർഥത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ ഇതാണ് ഏറ്റവും ശരിയായ മാർഗം. അനന്തരഫലം പരിഗണിക്കുമ്പോഴും ഇതുതന്നെ ഏറ്റം ഉത്തമം." (അന്നിസാഅ്: 59)

ഭൗതിക പ്രസ്ഥാങ്ങളുടെ നേതൃത്വമംഗീകരിച്ച് അവയിൽ ചേർന്നു പ്രവർത്തിക്കുന്നവർക്ക് വിവാദവിഷയങ്ങളിൽ തീരുമാനമെടുക്കാൻ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും മടങ്ങുക സാധ്യമല്ലല്ലോ.

**പ്രവർത്തന പരിപാടികൾ**

ഒരിസ്‌ലാമിക ആദർശ പ്രസ്ഥാനമെന്ന നിലക്ക് ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രവർത്തനങ്ങളിലഖിലം ധാർമിക പരിധികൾ പാലിക്കാൻ പ്രതിജ്ഞാബദ്ധമാണ്. ലക്ഷ്യം മാത്രമല്ല, മാർഗവും വിശുദ്ധമായിരിക്കണമെന്ന് അതിന് നിർബന്ധമുണ്ട്. സാമാധാനപരമായ പ്രചാരണം, സ്നേഹപൂർവമായ ബോധവൽക്കരണം, ഇതാണ് ജമാഅത്തിന്റെ പ്രവർത്തനമാർഗം. ബലപ്രയോഗം അതിന് തീർത്തും അന്യമാണ്. അട്ടിമറിയിലോ വർഗീയ, വിഭാഗീയ പ്രവർത്തനങ്ങളിലോ അത് വിശ്വസിക്കുന്നില്ല. കാരണം പരിശുദ്ധമായ പ്രവാചകന്മാരുടെ പ്രബോധന ശൈലിയാണ് ജമാഅത്ത് തുടരുന്നത്.

വ്യക്തിസംഭാഷണങ്ങൾ, സ്റ്റഡീക്ലാസുകൾ, പൊതുയോഗങ്ങൾ, ചർച്ചാസമ്മേളനങ്ങൾ, സിമ്പോസിയങ്ങൾ തുടങ്ങിയ പരിപാടകളാണ് ആദർശപ്രചാരണത്തിന് ജമാഅത്തെ ഇസ്‌ലാമി മുഖ്യമായും അവലംബിക്കുന്നത്. കൂടാതെ ഇന്ത്യൻ ഭരണഘടന അംഗീകരിച്ച ഏതാണ്ട് എല്ലാ ഭാഷകളിലും പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും പുറത്തിറക്കുന്നു. ഹിന്ദി, ഇംഗ്ലീഷ്, ഉർദു, ബംഗാളി, ആസാമീസ്, പഞ്ചാബി,

ഗുജറാത്തി, മറാഠി, തെലുങ്ക്, കന്നട, തമിഴ്, മലയാളം എന്നീ ഭാഷകളിൽ ജമാഅത്തിന് പുസ്തക പ്രസിദ്ധീകരണാലയങ്ങളുണ്ട്. മലയാളത്തിലെ ഏറ്റവും വലിയ ഇസ്‌ലാമിക പ്രസിദ്ധീകരണാലയമായ ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് ഇതിനകം ചെറുതും വലുതുമായ നൂറ്റമ്പതോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ വിശ്വപ്രശസ്തരായ പല പണ്ഡിതന്മാരുടെയു ബൃഹദ്ഗ്രന്ഥങ്ങളും ഉൾപെടുന്നു.

ദഅ്‌വത്ത് (ഉറുദു, ത്രൈദിനം) അൽ മീസാൻ (അറബി മാസിക) കാന്തി (ഹിന്ദി വാരിക) മിസാൻ (ബംഗാളി വാരിക) ശിഹാൻ (ഗുജറാത്തി വാരിക) ശാന്തിമാർഗ് (മറാഠി വാരിക) സന്മാർഗ (കന്നട വാരിക) ഗീതുരായി (തെലുങ്കു വാരിക) സമരസം (തമിഴ് മാസിക) പ്രബോധനം (മലയാളം വാരിക) എന്നിവ ജമാഅത്തെ ഇസ്‌ലാമിയുടെ ആനുകാലിക പ്രസിദ്ധീകരണങ്ങളാണ്. കൂടാതെ ഡൽഹിയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് വാരികയായ 'റേഡിയൻസ്', കേരളത്തിൽ പ്രസിദ്ധീകൃതമാവുന്ന 'മാധ്യമം' (ദിനപത്രം) ആരാമം (വനിതാ മാസിക) മലർവാടി (ദ്വൈവാരിക) എന്നിവയും ജമാഅത്ത് പ്രവർത്തകർ മുൻകൈയെടുത്ത് നടത്തുന്നവയാണ്.

ലൈബ്രറി, റീഡിംഗ് റൂം, വയോജന ക്ലാസുകൾ തുടങ്ങിയ മാർഗങ്ങളിലൂടെയും ജമാഅത്ത് വിജ്ഞാനപ്രചാരണത്തിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു.

മതപരവും ലൗകികവുമായ വിജ്ഞാനങ്ങളെ സമന്വയിപ്പിച്ച് നഴ്‌സറി മുതൽ കോളേജ്തലം വരെയുള്ള നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജമാഅത്തെ ഇസ്‌ലാമി നേരിട്ടും അല്ലാതെയും നടത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ മജ്‌ലിസുത്തഅലീമിൽ ഇസ്‌ലാമി (ഇസ്‌ലാമിക വിദ്യാഭ്യാസ സമിതി)യാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. പണ്ഡിതരായ ഇസ്‌ലാമിക പ്രബോധകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 1990 മുതൽ കേരളത്തിൽ ദഅ്‌വാ കോളേജും പ്രവർത്തിച്ചുവരുന്നു. ആത്മീയ സംസ്കരണത്തിനും ആരാധനാകർമങ്ങളിലെ നിഷ്ഠക്കും ഏറെ പ്രാധാന്യം കൽപ്പിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനം ആവശ്യവും സാധ്യതയുമനുസരിച്ച് പള്ളികൾ നിർമിച്ച് പരിപാലിക്കുന്നതിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നു.

ജനസേവന രംഗത്തും ജമാഅത്ത് അതിന്റെ കഴിവും സാധ്യതയുമനുസരിച്ച് താൽപര്യപൂർവം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന നിർഭാഗ്യകരമായ വർഗീയകലാപങ്ങളിൽ കെടുതിയനുഭവിക്കുന്ന വ്യത്യസ്ത ജാതിമതസ്ഥരായ ജനലക്ഷങ്ങൾക്കും പ്രകൃതിവിപത്തുകൾക്കിരയാവുന്നവർക്കും ഇസ്‌ലാമിക പ്രസ്ഥാനം പരമാവധി സഹായസഹകരണങ്ങൾ നൽകിവരുന്നു. 1969-ലെ അഹമ്മദാബാദ് കലാപത്തിൽ അനാഥരും നിരാലംബരുമായവർക്ക് വേണ്ടി 10 ലക്ഷം രൂപ ചെലവിൽ ജമാഅത്ത് ഒരു കോളനി നിർമിച്ചു കൊടുക്കുകയുണ്ടായി. 1984-ലെ ആസാം കലാപത്തിലെ പീഡിതർക്കുവേണ്ടി 40 ലക്ഷം രൂപയുടെ ആശ്വാസ പ്രവർത്തനങ്ങളും 1967-ലെ മീററ്റ് കലാപബാധിതർക്ക് 60 ലക്ഷം രൂപയുടെ സഹായസംരഭങ്ങളും ജമാഅത്ത് നടത്തി. ഭഗൽപൂർ കലാപത്തിലെ ദുരിതബാധിതർക്ക് ഒരു കോടിയിലേറെ ചെലവഴിക്കാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് സാധിച്ചു. കൂടാതെ ജബൽപൂർ, ജംഷട്പൂർ, റൂർക്കല, റാഞ്ചി, കൽക്കത്ത, ഭീവണ്ടി, മീറത്ത്, അലീഗർ, അലഹാബാദ്, ഹൈദരാബാദ്, തലശ്ശേരി, തിരുവനന്തപുരം പോലുള്ള കലാപബാധിത പ്രദേശങ്ങളിലെല്ലാം ജമാഅത്ത് വൻതോതിൽ റിലീഫ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

അനാഥ ശാലകളും, ആശുപത്രികളും, ഡിസ്‌പെൻസറികളും ഏർപെടുത്തുയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ജനസേവന പ്രവർത്തനങ്ങളിലെ മറ്റൊരിനം. ജമാഅത്ത് പ്രവർത്തകർ നടത്തുന്ന ഏതാനും ആശുപത്രികളിന്ന് കേരളത്തിലും ഇന്ത്യയുടെ ഇതരഭാഗങ്ങളിലുമുണ്ട്.

കടാതെ പലിശരഹിത നിധികൾ സ്ഥാപിച്ചും റിലീഫ് ഫണ്ടുകൾ സ്വരൂപിച്ചും ജനങ്ങളെ സാമ്പത്തിക വിഷമങ്ങളിൽനിന്നും ചൂഷണങ്ങളിൽനിന്നും രക്ഷിക്കാൻ ജമാഅത്ത് അതിന്റെ പരിമിതമായ കഴിവനുസരിച്ച് ശ്രമിച്ചുകൊണ്ടിരിക്കുന്നു. സകാത്തും ഫിതർ സകാത്തും പിരിച്ചെടുത്ത് സാമൂഹ്യമായും വ്യവസ്ഥാപിതമായും വിതരണം ചെയ്യാൻ ജമാഅത്തിന് ഫലപ്രദമായ സംവിധാനങ്ങളുണ്ട്.

ഇങ്ങനെ മഹിതമായ ആദർശത്തിലുറച്ചുനിന്നുകൊണ്ട് വ്യക്തമായ ലക്ഷ്യത്തോടെ നിർണിതമായ കർമപരിപാടികളോടെ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമി കടന്നുപോന്ന വഴികൾ അഭിമാനകരമാണ്. എങ്കിലും അതിന് നേടാനിരിക്കുന്ന ലക്ഷ്യം ഏറെ വിദൂരമത്രെ. സഞ്ചരിക്കാനുള്ള പാത സുദീർഘവും. ഒപ്പം തന്നെ ദുർഘടവും. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ.